എറണാകുളം	–	8
തൃശ്ശൂർ	–	2
പാലക്കാട്	–	3
മലപ്പുറം	–	3
കോഴിക്കോട്	–	1
കണ്ണൂർ	–	1
കാസർഗോഡ്	–	4
ആകെ		41

(സി)&(ഡി) ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

53 (470) പാഠപുസ്തകങ്ങളുടെ വിതരണം

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പാഠ്യവിഷയങ്ങളിലുള്ള ഏതെല്ലാം പുസ്തകങ്ങളാണ് 1999 സെപ്തംബർ 30 വരെ ലഭ്യമാക്കാതിരുന്നിട്ടുള്ളത്;

(ബി) ഇവ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് താമസം ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ പാഠപുസ്തകങ്ങളും എപ്പോൾ കൊടുത്തുതീർക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഞ്ചാം ക്ലാസ്സിലെ മാറ്റം വന്ന പുസ്തകങ്ങളും സംസ്ഥാനത്തെ ആറു ഡി.പി.ഇ.പി. ജില്ലകളിലെ ആറാം ക്ലാസ്സിൽ പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങളും ഒഴികെ ബാക്കി പാഠപുസ്തകങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങളുടെ ആവിഷ്കാരത്തിൽ അല്പം കാലതാമസം നേരിട്ടതിനാൽ അവയുടെ അച്ചടി വിതരണം എന്നിവ സമയബന്ധിതമായി തീർക്കാൻ താമസം നേരിട്ടു.

(സി) 1999-2000 അദ്ധ്യയന വർഷത്തേക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിക്കഴിഞ്ഞു.

54 (471) ചിത്രകലാ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചിത്രകലാ വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ വിശദമാക്കിക്കൊണ്ട് ശ്രീ. പി.പി. സുമനൻ (ജില്ലാ സെക്രട്ടറി, കേരള ചിത്രകലാ പരിഷത്ത്, ആലപ്പുഴ ജില്ല) 1999 ജൂലൈ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം എം.എൽ.എ. മുഖേന സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിത്രകലാ പഠനം പ്രൈവറ്റായി പൂർത്തിയാക്കി പരീക്ഷ എഴുതുവാൻ കേരളത്തിലെ ചിത്രകലാ വിദ്യാർത്ഥികൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) മറ്റ് മിക്ക സംസ്ഥാനങ്ങളിലും ചിത്രകലാ പഠനം പ്രൈവറ്റായി നടത്തുവാൻ അനുമതിയുള്ളപ്പോൾ കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രൈവറ്റായി പഠിച്ച് പരീക്ഷ എഴുതുന്നതിന് അനുമതി നൽകുമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസവകുപ്പ് കെ.ജി.ടി.ഇ. ഡ്രോയിംഗ് പരീക്ഷ ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതോടൊപ്പം നടത്തിവന്നിരുന്ന കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ്, തയ്യൽ, അഗ്രികൾച്ചർ തുടങ്ങിയ പരീക്ഷകൾ നിർത്തലാക്കാത്ത സാഹചര്യത്തിൽ കെ.ജി.ടി.ഇ. ഡ്രോയിംഗ് പരീക്ഷ പുനഃരാരംഭിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

55 (472) ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്ലസ് ടു കോഴ്സുകൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് ഇനിയും എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത്. ആയതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

56 (473) വനിതാ പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി

ശ്രീ. എ. അബ്ദുൾ ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly